**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 150

**28.10.2019 ൽ മറുപടിനൽകേണ്ടിയിരുന്നത്**

## പോക്സോ കേസുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. അനൂപ് ജേക്കബ് | പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) പോക്സോ കേസുകൾ കൈകാര്യം ചെയ്യുന്നതിനായി പ്രത്യേക കോടതികൾ സ്ഥാപിക്കണമെന്ന സുപ്രീംകോടതി നിർദ്ദേശത്തിന്മേൽ കൈക്കൊണ്ടിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ; | (എ) SUO MOTO WP (Crl.) No.1/2019 കേസിന്റെ 25.07.2019 ലെ ബഹു.സുപ്രീം കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തുടനീളം പോക്സോ കേസുകൾ തീർപ്പാക്കുന്ന തിന് അതിവേഗ കോടതികൾ ആരംഭിക്കണമെന്ന നിർദ്ദേശം കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ 03.09.2019 ന് ആഭ്യന്തര അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ നിയമവകുപ്പ് സെക്രട്ടറി, സാമൂഹ്യനീതി വകുപ്പ് സ്പെഷ്യൽ സെക്രട്ടറി, ഹൈക്കോടതി രജിസ്ട്രാർ, ഐ.ജി. (ക്രൈംസ്) എന്നിവരുടെ യോഗം വിളിച്ച് ചേർക്കുകയും സംസ്ഥാനത്തെ 14 ജില്ലകളിലും പോക്സോ ആക്ടിന കീഴിൽ വരുന്ന കേസുകളുടെ വിചാരണയ്ക്കായി പ്രത്യേക കോടതി തുടങ്ങുന്നതിന് തത്വത്തിൽ അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. തുടർനടപടികളുടെ ഭാഗമായി ഇക്കാര്യത്തിൽ വിശദമായ പ്രൊപ്പോസൽ തയ്യാറാക്കി കേന്ദ്ര സർക്കാറിന് സമർപ്പിക്കാൻ സാമൂഹ്യനീതി സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) ഏതൊക്കെ ജില്ലകളിലാണ് 100-ൽ കൂടുതൽ പോക്സോ കേസുകൾ നിലവിലുള്ളതെന്നും പ്രസ്തുത ജില്ലകളിൽ എത്ര കേസുകൾ വീതം ഉണ്ടെന്നും അറിയിക്കുമോ? | (ബി) 100-ൽ കൂടുതൽ പോക്സോ കേസുകൾ നിലവിലുള്ള ജില്ലകളുടേയും കേസുകളുടേയും വിശദാംശങ്ങൾ ചുവടെ ചേർക്കും പ്രകാരമാണ്. |

| ക്രമ നം | കോടതിയുടെ പേര് | തീർപ്പാക്കാത്ത കേസുകളുടെ എണ്ണം (30.09.2019) |
|---|---|---|
| 1 | തിരുവനന്തപുരം | 1153 |
| 2 | കൊല്ലം | 501 |
| 3 | പത്തനംതിട്ട | 218 |

| | | |
|---|---|---|
| 4 | കോട്ടയം | 556 |
| 5 | ആലപ്പുഴ | 284 |
| 6 | തൊടുപുഴ | 487 |
| 7 | എറണാകുളം | 380 |
| 8 | തൃശ്ശൂർ | 798 |
| 9 | പാലക്കാട് | 383 |
| 10 | കോഴിക്കോട് | 299 |
| 11 | മഞ്ചേരി | 777 |
| 12 | കൽപ്പറ്റ | 194 |
| 13 | തലശ്ശേരി | 623 |
| 14 | കാസർഗോഡ് | 267 |
| | **ആകെ** | **6920** |

സെക്ഷൻ ഓഫീസർ